**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 204** **12-01-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാതയിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും എക്കലും നീക്കം ചെയ്ത് ലേലം ചെയ്യുന്നതിനുള്ള നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാതയിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും എക്കലും ഇതരപദാർത്ഥങ്ങളും ഡ്രഡ്ജിങ്ങിലൂടെ നീക്കം ചെയ്യുന്നതിനും, ഇതിനായി സ്ഥലം കണ്ടെത്തി വാടകയ്ക്കെടുത്ത് ടി സ്ഥലത്ത് നിക്ഷേപിച്ച് ആവശ്യക്കാർക്ക് ലേലം ചെയ്ത് കൊടുക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ടോ; | (എ) | (എ) & (ബി)ഉണ്ട്. 02/06/2018-ലെ സ.ഉ.(കൈ) നം. 02/2018/ സി.എസ്.ഐ.എൻ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | (എ) & (ബി)ഉണ്ട്. 02/06/2018-ലെ സ.ഉ.(കൈ) നം. 02/2018/ സി.എസ്.ഐ.എൻ.ഡി. പ്രകാരം ഉത്തരവായി ട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പശ്ചിമ കൊച്ചിയിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, പള്ളുരുത്തി, തോപ്പുംപടി, കുമ്പളങ്ങി ഉൾപ്പെടെയുള്ള തീരദേശമേഖലകളിലെ ജനവാസ കേന്ദ്രങ്ങളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് അതിരൂക്ഷമായ വിധത്തിൽ കായൽവെള്ളം കയറുന്നതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനും ജലഗതാഗതവും മത്സ്യബന്ധനവും സുഗമമാക്കുന്നതിനുമായി കണ്ണങ്ങാട്ട്- വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള ഏക്കൽ നീക്കം ചെയ്യുന്നതിനുള്ള 3 കോടി രൂപയുടെ പദ്ധതി പ്രസ്തുത ഉത്തരവുണ്ടായിട്ടും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | (സി) & (ഡി)കണ്ണങ്ങാട്ട് വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ എക്കൽ നീക്കം ചെയ്യുന്നതിനായി രണ്ട് റീച്ചായി നടപ്പിലാക്കാനുദ്ദേശിക്കുന്ന 13.79 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും-യുടെ ഓഫീസിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കു മ്പോൾ ലഭിക്കുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനായി കൊച്ചിൻ കോർപ്പറേ ഷന്റെ അധീനതയിൽ ഉള്ളതും 16-ാം ഡിവിഷനിൽ പള്ളുരുത്തി മേഖലയിലെ 3 ഏക്കറോളം വരുന്ന സ്ഥലം ലീസിന് നൽകണമെന്ന് കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയോടും ; കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയില്ലു ള്ളതും SER ഏരിയായിൽ ഉൾപ്പെട്ടതുമായ രാമേശ്വരം വില്ലേജിലെ സർവ്വേ നം. 11/66-ലെ താഴ്ന്ന് കിടക്കുന്ന ഭാഗത്ത് ടി എക്കലും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിനോടും അഭ്യർത്ഥിച്ചിട്ടുള്ളതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്ക് |

| | | | |
|---|---|---|---|
| | | | അനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതുമാണ്. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ? | (ഡി) | (സി) & (ഡി)കണ്ണങ്ങാട്ട് വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ എക്കൽ നീക്കം ചെയ്യുന്നതിനായി രണ്ട് റീച്ചായി നടപ്പിലാക്കാനുദ്ദേശിക്കുന്ന 13.79 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും-യുടെ ഓഫീസിൽ പരിശോധിച്ച് വരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കു മ്പോൾ ലഭിക്കുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനായി കൊച്ചിൻ കോർപ്പറേ ഷന്റെ അധീനതയിൽ ഉള്ളതും 16-ാം ഡിവിഷ നിൽ പള്ളുരുത്തി മേഖലയിലെ 3 ഏക്കറോളം വരുന്ന സ്ഥലം ലീസിന് നൽകണമെന്ന് കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയോടും ; കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയില്പ ള്ളതും SER ഏരിയായിൽ ഉൾപ്പെട്ടതുമായ രാമേശ്വരം വില്ലേജിലെ സർവ്വേ നം. 11/66-ലെ താഴ്ന്ന കിടക്കുന്ന ഭാഗത്ത് ടി എക്കലും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിനോടും അഭ്യർത്ഥിച്ചിട്ടുള്ളതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ് - ജലപാതാ വികസനത്തിന്റെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താല്ക്കാലികമായി നിക്ഷേപിക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

### തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്

സ.ഉ.(കൈ)നം.2 /2018/സി.എസ്.ഐ.എൻ.ഡി. തീയതി,തിരുവനന്തപുരം, 21/06/2018

പരാമർശം : ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12/02/2018 - ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

### ഉത്തരവ്

സംസ്ഥാനത്തെ ഗതാഗതമാർഗ്ഗങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ കാര്യക്ഷമവും ചിലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ യാത്രാമാർഗ്ഗമെന്ന നിലയിൽ ജലഗതാഗത സംവിധാനത്തെ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തീരദേശത്തിനു സമാന്തരമായുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ നവീകരണത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

2. ജലപാതയുടെ വികസനപ്രവർത്തനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ ഡ്രഡ്ജിംഗിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണും ഇതരപദാർത്ഥങ്ങളും നിക്ഷേപിക്കുന്നതിനുള്ള സ്ഥലലഭ്യതയും അവയുടെ നീക്കം ചെയ്യലുമാണ്. കായൽ/കനാൽ വശങ്ങളിൽ ഡ്രഡ്ജ് ചെയ്തു നിക്ഷേപിക്കുന്ന വസ്തുക്കൾ വർഷകാലത്ത് ജലാശയത്തിലേയ്ക്ക് തിരികെ പതിയ്ക്കുന്നത് ജലപാതകളുടെ ആഴംകൂട്ടൽ പ്രവൃത്തിയുടെ പുരോഗതിയ്ക്കു തടസ്സമായി മാറുന്ന സ്ഥിതി നിലവിലുണ്ട്.

3. പ്രസ്തുത വിഷയം മേൽ പരാമർശിച്ചതു പ്രകാരമുള്ള ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്യുകയുണ്ടായി. ജലപാതാ വികസന പ്രവർത്തനങ്ങളുടെ ഭാഗമായ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും വ്യത്യസ്ത തരത്തിലുള്ളതും വേർതിരിയ്ക്കാൻ ബുദ്ധിമുട്ടുള്ളതുമായതിനാൽ അവ താൽക്കാലികമായി നിക്ഷേപിക്കുന്നതിന് അതാതു ജില്ലാ കളക്ടർമാർ അനുയോജ്യമായ സ്ഥലം കണ്ടെത്തി വാടകയ്ക്കെടുത്ത്, ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും ആ സ്ഥലത്തു നിക്ഷേപിച്ച് അതേപടി തന്നെ ആവശ്യക്കാർക്ക് ലേലം ചെയ്ത് കൊടുക്കുക എന്നതാണ് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രായോഗികമായ

...2/-

നടപടി എന്ന് യോഗത്തിൽ ധാരണയായി. ഇപ്രകാരം താൽക്കാലികമായി വാടകയ്ക്ക് എടുക്കുന്ന സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന വസ്തുക്കൾ എത്രയും വേഗം ലേലം ചെയ്ത് നീക്കം ചെയ്യുന്നതിനാൽ 'കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം 2008' ന്റെ ലംഘനം സംഭവിക്കുന്നില്ല.

4. സംസ്ഥാന ജലപാതയുമായി ബന്ധപ്പെട്ട ഡ്രഡ്ജിംഗിനായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും നിക്ഷേപിക്കുന്നതിനായി വാടകയ്ക്കെടുക്കുന്ന സ്ഥലത്തിന്റെ വാടകയിനത്തിൽ വരാവുന്ന ചെലവും പ്രസ്തുത പദാർത്ഥങ്ങൾ സമീപ സ്ഥലങ്ങളിലേയ്ക്ക് പതിയ്ക്കാത്ത വിധം ബണ്ട് നിർമ്മിക്കുന്നതിനുള്ള ചെലവും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

5. കേരളത്തിൽ ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ട ജലപാതകളുടെ നവീകരണവും സംരക്ഷണവും നടപ്പിലാക്കുന്നത് കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ്. കേരളത്തിലെ ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ട ജലപാതകളിൽ IWAI നടത്തുന്ന ഡ്രഡ്ജിംഗിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും തൽക്കാലത്തേയ്ക്ക് നിക്ഷേപിക്കുന്നതിനുള്ള സ്ഥലത്തിനുള്ള വാടകയും, അവ സമീപസ്ഥലത്തേയ്ക്ക് പതിക്കാതിരിക്കാനുള്ള ബണ്ടിന്റെ നിർമ്മാണത്തിനുള്ള ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി.

6. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ജലപാതാ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിനായി സൗകര്യപ്രദമായ സ്ഥലങ്ങൾ വാടകയ്ക്ക് എടുത്ത്, താമസംവിനാ അവ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകി പ്രസ്തുത സ്ഥലം പഴയ സ്ഥിതിയിൽ നിലനിർത്തുന്നതിന് അതാത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുന്നു.

(ii) സംസ്ഥാന ജലപാതയിലെ ഡ്രഡ്ജിംഗ് സംബന്ധിച്ച കരാറിൽ സ്ഥല വാടകയും സമീപസ്ഥലത്തേയ്ക്ക് ഡ്രഡ്ജ് ചെയ്തെടുത്ത മണ്ണും ഇതര പദാർത്ഥങ്ങളും പതിക്കാതിരിക്കുവാനുള്ള ബണ്ട് നിർമ്മാണത്തിന്റെ ചെലവും ഡ്രഡ്ജിംഗ് പണിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു.

(iii) കേരളത്തിൽ ദേശീയജലപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ജലപാതകളുടെ വികസന പ്രവർത്തനങ്ങൾക്കായി ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണ്ണും മറ്റു പദാർത്ഥങ്ങളും അടങ്ങിയ വസ്തുക്കൾ താത്ക്കാലികമായി നിക്ഷേപിക്കുന്നതിന് വാടകയ്ക്ക് എടുക്കുന്ന സ്ഥലത്തിന്റെ വാടകയും അവ സമീപ സ്ഥലങ്ങളിൽ പതിക്കാതിരിക്കുന്നതിനുള്ള ബണ്ടിന്റെ നിർമ്മാണ ചെലവുംസംസ്ഥാന സർക്കാർ വഹിക്കുന്നതിന് അനുമതി നൽകുന്നു.

(iv) ഉൾനാടൻ ജലപാതാ വികസനവുമായി ബന്ധപ്പെട്ട സമാനമായ മറ്റ് പ്രവൃത്തികളുടെ ഭാഗമായി ഡ്രഡ്ജ് ചെയ്യേണ്ടി വരുമ്പോൾ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും തത്ക്കാലത്തേയ്ക്ക് നിക്ഷേപിക്കുന്ന കാര്യത്തിലും മേൽപ്പറയുന്ന നിർദ്ദേശങ്ങൾ ബാധകമാക്കുവാൻ അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടിങ്കു ബിസ്വാൾ**
**ഗവ. സെക്രട്ടറി**

ജില്ലാ കളക്ടർ തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/ എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/ വയനാട്/കണ്ണൂർ/കാസർഗോഡ്

മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ, കൊച്ചി.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ്, കൊച്ചി.

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, റോഡ്സ് & ബ്രിഡ്ജസ് , പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, (തദ്ദേശസ്വയംഭരണ വകുപ്പ്), തിരുവനന്തപുരം.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ്, ആശ്രാമം.പി.ഒ., കൊല്ലം.

ഡയറക്ടർ, ഹാർബർ എഞ്ചിനീയറിംഗ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ, എറണാകുളം.

പൊതുഭരണ(SC) വകുപ്പ് (ഇനം. നം. തീയതി ).

ധനകാര്യം/റവന്യൂ/നിയമം/സാമ്പത്തിക ആസൂത്രണകാര്യം/ജലവിഭവം/ പൊതുമരാമത്ത്/ തദ്ദേശസ്വയംഭരണം/ ഗതാഗതം/ടൂറിസം/മത്സ്യബന്ധനം തുറമുഖം/പരിസ്ഥിതി/വനം വന്യജീവി/ വ്യവസായം വകുപ്പുകൾ

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ് - ജലപാതാ വികസനത്തിന്റെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താല്ക്കാലികമായി നിക്ഷേപിക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്**

സ.ഉ.(കൈ)നം.2 /2018/സി.എസ്.ഐ.എൻ.ഡി. തീയതി,തിരുവനന്തപുരം, 21/06/2018

പരാമർശം : ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12/02/2018 – ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്തെ ഗതാഗതമാർഗ്ഗങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ കാര്യക്ഷമവും ചിലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ യാത്രാമാർഗ്ഗമെന്ന നിലയിൽ ജലഗതാഗത സംവിധാനത്തെ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തീരദേശത്തിനു സമാന്തരമായുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ നവീകരണത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

2. ജലപാതയുടെ വികസനപ്രവർത്തനങ്ങൾ നേരിടുന്ന പ്രധാന വെല്ലു വിളികൾ ഡ്രഡ്ജിംഗിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണും ഇതരപദാർത്ഥങ്ങളും നിക്ഷേപിക്കുന്നതിനുള്ള സ്ഥലലഭ്യതയും അവയുടെ നീക്കം ചെയ്യലുമാണ്. കായൽ/കനാൽ വശങ്ങളിൽ ഡ്രഡ്ജ് ചെയ്തു നിക്ഷേപിക്കുന്ന വസ്തുക്കൾ വർഷകാലത്ത് ജലാശയത്തിലേയ്ക്ക് തിരികെ പതിയ്ക്കുന്നത് ജലപാതകളുടെ ആഴംകൂട്ടൽ പ്രവൃത്തിയുടെ പുരോഗതിയ്ക്കു തടസ്സമായി മാറുന്ന സ്ഥിതി നിലവിലുണ്ട്.

3. പ്രസ്തുത വിഷയം മേൽ പരാമർശിച്ചതു പ്രകാരമുള്ള ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്യുകയുണ്ടായി. ജലപാതാ വികസന പ്രവർത്തനങ്ങളുടെ ഭാഗമായ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും വ്യത്യസ്ത തരത്തിലുള്ളതും വേർതിരിയ്ക്കാൻ ബുദ്ധിമുട്ടുള്ളതുമായതിനാൽ അവ താൽക്കാലികമായി നിക്ഷേപിക്കുന്നതിന് അതാതു ജില്ലാ കളക്ടർമാർ അനുയോജ്യമായ സ്ഥലം കണ്ടെത്തി വാടകയ്ക്കെടുത്ത്, ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും ആ സ്ഥലത്തു നിക്ഷേപിച്ച് അതേപടി തന്നെ ആവശ്യക്കാർക്ക് ലേലം ചെയ്ത് കൊടുക്കുക എന്നതാണ് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രായോഗികമായ

നടപടി എന്ന് യോഗത്തിൽ ധാരണയായി. ഇപ്രകാരം താൽക്കാലികമായി വാടകയ്ക്ക് എടുക്കുന്ന സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന വസ്തുക്കൾ എത്രയും വേഗം ലേലം ചെയ്ത് നീക്കം ചെയ്യുന്നതിനാൽ 'കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം 2008' ന്റെ ലംഘനം സംഭവിക്കുന്നില്ല.

4. സംസ്ഥാന ജലപാതയുമായി ബന്ധപ്പെട്ട ഡ്രഡ്ജിംഗിനായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും നിക്ഷേപിക്കുന്നതിനായി വാടകയ്ക്കെടുക്കുന്ന സ്ഥലത്തിന്റെ വാടകയിനത്തിൽ വരാവുന്ന ചെലവും പ്രസ്തുത പദാർത്ഥങ്ങൾ സമീപ സ്ഥലങ്ങളിലേയ്ക്ക് പതിയ്ക്കാത്ത വിധം ബണ്ട് നിർമ്മിക്കുന്നതിനുള്ള ചെലവും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

5. കേരളത്തിൽ ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ട ജലപാതകളുടെ നവീകരണവും സംരക്ഷണവും നടപ്പിലാക്കുന്നത് കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ്. കേരളത്തിലെ ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ട ജലപാതകളിൽ IWAI നടത്തുന്ന ഡ്രഡ്ജിംഗിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും തൽക്കാലത്തേയ്ക്ക് നിക്ഷേപിക്കുന്നതിനുള്ള സ്ഥലത്തിനുള്ള വാടകയും, അവ സമീപസ്ഥലത്തേയ്ക്ക് പതിക്കാതിരിക്കാനുള്ള ബണ്ടിന്റെ നിർമ്മാണത്തിനുള്ള ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി.

6. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ജലപാതാ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിനായി സൗകര്യപ്രദമായ സ്ഥലങ്ങൾ വാടകയ്ക്ക് എടുത്ത്, താമസംവിനാ അവ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകി പ്രസ്തുത സ്ഥലം പഴയ സ്ഥിതിയിൽ നിലനിർത്തുന്നതിന് അതാത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുന്നു.

(ii) സംസ്ഥാന ജലപാതയിലെ ഡ്രഡ്ജിംഗ് സംബന്ധിച്ച കരാറിൽ സ്ഥല വാടകയും സമീപസ്ഥലത്തേയ്ക്ക് ഡ്രഡ്ജ് ചെയ്തെടുത്ത മണ്ണും ഇതര പദാർത്ഥങ്ങളും പതിക്കാതിരിക്കുവാനുള്ള ബണ്ട് നിർമ്മാണത്തിന്റെ ചെലവും ഡ്രഡ്ജിംഗ് പണിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു.

(iii) കേരളത്തിൽ ദേശീയജലപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ജലപാതകളുടെ വികസന പ്രവർത്തനങ്ങൾക്കായി ഡ്രഡ്ജ് ചെയ്തു ലഭിക്കുന്ന മണ്ണും മറ്റു പദാർത്ഥങ്ങളും അടങ്ങിയ വസ്തുക്കൾ താത്ക്കാലികമായി നിക്ഷേപിക്കുന്നതിന് വാടകയ്ക്ക് എടുക്കുന്ന സ്ഥലത്തിന്റെ വാടകയും അവ സമീപ സ്ഥലങ്ങളിൽ പതിക്കാതിരിക്കുന്നതിനുള്ള ബണ്ടിന്റെ നിർമ്മാണ ചെലവുംസംസ്ഥാന സർക്കാർ വഹിക്കുന്നതിന് അനുമതി നൽകുന്നു.

. . . 3 /-

(iv) ഉൾനാടൻ ജലപാതാ വികസനവുമായി ബന്ധപ്പെട്ട സമാനമായ മറ്റ് പ്രവൃത്തികളുടെ ഭാഗമായി ഡ്രഡ്ജ് ചെയ്യേണ്ടി വരുമ്പോൾ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും തത്ക്കാലത്തേയ്ക്ക് നിക്ഷേപിക്കുന്ന കാര്യത്തിലും മേൽപ്പറയുന്ന നിർദ്ദേശങ്ങൾ ബാധകമാക്കുവാൻ അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടിങ്കു ബിസ്വാൾ**
**ഗവ. സെക്രട്ടറി**

ജില്ലാ കളക്ടർ തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/ വയനാട്/കണ്ണൂർ/കാസർഗോഡ്

മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ, കൊച്ചി.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്, കൊച്ചി.

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, റോഡ്സ് & ബ്രിഡ്ജസ് , പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, (തദ്ദേശസ്വയംഭരണ വകുപ്പ്), തിരുവനന്തപുരം.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ്, ആശ്രാമം.പി.ഒ., കൊല്ലം.

ഡയറക്ടർ, ഹാർബർ എഞ്ചിനീയറിംഗ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ, എറണാകുളം.

പൊതുഭരണ(SC) വകുപ്പ് (ഇനം. നം. തീയതി ).

ധനകാര്യം/റവന്യൂ/നിയമം/സാമ്പത്തിക ആസൂത്രണകാര്യം/ജലവിഭവം/ പൊതുമരാമത്ത്/തദ്ദേശസ്വയംഭരണം/ ഗതാഗതം/ടൂറിസം/മത്സ്യബന്ധനം തുറമുഖം/പരിസ്ഥിതി/വനം വന്യജീവി/ വ്യവസായം വകുപ്പുകൾ

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**